കാരണമാകുകയും ചെയ്യും. ചിരട്ടപ്പാൽ റബ്ബറിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് അംഗീകാരം നൽകുന്നതു സംബന്ധിച്ച വിഷയം 29-7-2021-ലെ മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെട്ടിട്ടില്ലെന്ന് റബ്ബർ ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ഉല്പന്നങ്ങളുടെ സേഫ്റ്റി സ്റ്റാന്റേർഡ് നിർണ്ണയത്തിനു വേണ്ടിയുള്ള സാങ്കേതിക കമ്മിറ്റിയായ PCD 13-ൽ റബ്ബർ ബോർഡ് പ്രതിനിധികൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയം ഗൗരവമായി കാണുമെന്ന് റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഗൗരവമായ ഈ വിഷയത്തിന്മേൽ സംസ്ഥാന സർക്കാരിന്റെയും കേരളത്തിന്റെയും ആശങ്ക കേന്ദ്ര സർക്കാരിനെ അടിയന്തരമായി വീണ്ടും അറിയിക്കുന്നതുമായിരിക്കും.

(9) ഡയറ്റിന്റെ പ്രവർത്തനം

ശ്രീ. വി ശശി: സർ, 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് 1992-ഓടുകൂടി കേരളത്തിലെ 14 ജില്ലകളിലും ജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഡയറ്റ്) ആരംഭിച്ചത്. പ്രൈമറി വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായി ഗവേഷണങ്ങൾ, പരിശീലനങ്ങൾ, പുസ്തക നിർമ്മിതി, പ്ലസ് ടു തലംവരെയുള്ള അദ്ധ്യാപകർക്ക് പരിശീലനം, വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ വ്യാപനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് ഡയറ്റ് നേതൃത്വം നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളും അതനുസരിച്ചുള്ള പദ്ധതികളും പരിപാടികളും ആശയങ്ങളും താഴെത്തട്ടിലെത്തിക്കുന്നതിനും നേതൃത്വം നൽകിവരുന്ന ഡയറ്റ് ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും ഈ സ്ഥാപനത്തിന് ദിശാബോധം നൽകുന്നതിനും ആവശ്യമായ സ്പെഷ്യൽ റൂൾസ് 2011-ൽ രൂപീകരിച്ചെങ്കിലും പല അനോമലികൾകാരണം അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇതുകാരണം 13 വർഷമായി അവിടെ നിയമനങ്ങൾ നടക്കുന്നില്ല. 14 ഡയറ്റുകളിലായി ഇരുന്നൂറിൽപ്പരം ലക്ചറർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുകയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സ്പെഷ്യൽ റൂളിലെ അനോമലി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാവുകയും ചെയ്തു. തൽക്കാലത്തേയ്ക്ക് 80 ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും സാധിച്ചു. 2020-ൽ അനോമലി പരിഹരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവായി. ഇതനുസരിച്ച് 50 ശതമാനം അദ്ധ്യാപകരിൽനിന്നും ട്രെയിനർ മുഖേനയും 50 ശതമാനം പി.എസ്.സി. മുഖേന നേരിട്ടും നിയമിക്കാനുള്ള നടപടി ആരംഭിക്കാമായിരുന്നു. പക്ഷേ ഇതുവരെ അതിന്മേൽ യാതൊരു നടപടിയുമുണ്ടായില്ലെന്നാണ് അറിയാൻ സാധിച്ചത്. ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിച്ച് ആ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട നടപടി സ്വീകരിക്കണം. അദ്ധ്യാപകരെ നിയമിക്കുമ്പോൾ അവരുടെ ശമ്പള ചെലവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അൻപത് ശതമാനത്തോളം തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്നതിനാൽ ഈ സ്ഥാപനം സുഗമമായി നടത്തുന്നതിനുള്ള ഉചിതമായ സ്ഥിതിവിശേഷം കൂടിയുണ്ടെന്ന വിവരം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതുകൂടാതെ നിലവിലുള്ള ജീവനക്കാരുടെയും 1989 മുതൽ പ്രവർത്തിച്ചുവരുന്ന നിരവധി ജീവനക്കാരുടെയും ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സർവ്വീസ് അവകാശങ്ങൾ അനുവദിച്ചുനൽകിയിട്ടില്ല എന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെല്ലാം പരിഹാരം കണ്ട് ഡയറ്റിന്റെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ ഡയറ്റിലെ അദ്ധ്യാപക നിയമനങ്ങൾക്കായി 19-2-2001-ലെ ഗവൺമെന്റ് ഉത്തരവ് 09/2021 പ്രകാരം സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം ആകെ 14 ഡയറ്റുകളാണ് നിലവിലുള്ളത്. സ്പെഷ്യൽ റൂൾ പ്രകാരം ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനുപുറമേ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് സീനിയർ ലക്ചറർ തസ്തികയിൽനിന്നും സീനിയർ ലക്ചറർ തസ്തികകളിലേയ്ക്ക് ലക്ചറർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് നിയമനം നടത്തുന്നത്. ലക്ചറർ തസ്തികയിലെ 50 ശതമാനം ഒഴിവുകൾ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരിൽനിന്ന് ബൈട്രാൻസ്ഫർ മുഖേനയും 50 ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനവുമാണ്. രണ്ട് നിയമനങ്ങളും പി.എസ്.സി. മുഖേനയാണ് നടത്തേണ്ടത്. പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം ഡയറ്റ് അദ്ധ്യാപകരുടെ നിയമനാധികാരി സർക്കാരാണ്. കെ.എസ്.&എസ്.എസ്.ആർ. ചട്ടം 9 (ബി) പ്രകാരം ഡയറ്റ് ലക്ചറർ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്യുവരുന്ന അദ്ധ്യാപകർക്ക് അവരുടെ സേവനം ലക്ചറർ തസ്തികകളിൽ ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 89 അദ്ധ്യാപകർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ. 702/2021 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-3-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ലക്ചറർ തസ്തികയിലെ 89 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ബഹുമാനപ്പെട്ട കോടതിയുടെ 29-6-2021-ലെ പൊതുഇടക്കാല ഉത്തരവിലൂടെ രണ്ട് മാസത്തേയ്ക്കുകൂടി വീണ്ടും ദീർഘിപ്പിച്ചിട്ടുണ്ട്. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.